(ബി) പള്ളിവാസൽ പവർഹൗസിൽനിന്നും ഏകദേശം 48 കിലോമീറ്റർ അകലെയാണ് അപകടം ഉണ്ടായ സ്ഥലം. അപകട സ്ഥലത്തുനിന്നും ഏകദേശം രണ്ടു കിലോമീറ്റർ അകലെ ഉണ്ടായിരുന്ന കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ, ഒരു പോസ്റ്റിന്റെ മുകളിൽ തീയുണ്ട് എന്ന് ഒരു അപരിചിതൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അപ്പോൾ തന്നെ പ്രസ്തുത വിവരം സബ് എഞ്ചിനീയർ ഇൻ ചാർജ്ജിനെ അറിയിക്കുകയും അദ്ദേഹം അപ്പോൾത്തന്നെ പള്ളിവാസൽ പവർഹൗസിൽ ബന്ധപ്പെട്ട് പ്രസ്തുത ലൈൻ ഓഫ് ചെയ്യുകയും ചെയ്തു. തുടർന്ന് ടി ജീവനക്കാർ സംഭവസ്ഥലത്ത് എത്തിയപ്പോഴേക്കും അപകടം സംഭവിച്ചു കഴിഞ്ഞിരുന്നു. അപകടം സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരും സംസ്ഥാന ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഉദ്യോഗസ്ഥരും അന്വേഷണം നടത്തിയിട്ടുണ്ട്. കേടായ പിൻ ഇൻസുലേറ്റർ മാറ്റി സ്ഥാപിച്ച് വൈദ്യുതി വിതരണം പുനഃസ്ഥാപിച്ചിട്ടുണ്ട്.

(സി) അടിയന്തര ആശ്വാസം എന്ന നിലയിൽ, മരിച്ച മൂന്നുപേരുടെയും കുടുംബങ്ങൾക്ക് 5000 രൂപ വീതം അപകടം നടന്ന ഉടനെ തന്നെ നൽകിയിട്ടുണ്ട്.

(ഡി) മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് നിയമപ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി നിരക്ക് വർദ്ധന

58(425) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചുവെന്നു വ്യക്തമാക്കുമോ ; ഓരോ പ്രാവശ്യവും ഓരോ സ്ലാബിനും യൂണിറ്റ് ഒന്നിന് എത്ര വീതം വർദ്ധനവ് വരുത്തി ; ഈ ഇനത്തിൽ കെ.എസ്.ഇ.ബി.-ക്ക് ഉണ്ടായ അധിക വരുമാനം എത്ര ;

(ബി) കെ.എസ്.ഇ.ബി. ഇപ്പോൾ ലാഭത്തിലാണെങ്കിൽ 2011 മുതൽ ഓരോ വർഷത്തേയും ലാഭം എത്രയാണ്; നഷ്ടമാണെങ്കിൽ ഓരോ വർഷവും എത്ര?

ഉത്തരം

(എ) മൂന്നുതവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഓരോ തവണയുമുള്ള വർദ്ധനവിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2012-13-ൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ പ്രതിവർഷം, 1257 കോടി രൂപയുടെയും, 2013-14-ൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ പ്രതിവർഷം 642.47 കോടി രൂപയുടെയും, 2014-15-ൽ നടപ്പിലാക്കിയ താരിഫ്, വർദ്ധനവിലൂടെ പ്രതിവർഷം 600 കോടി രൂപയുടെയും അധിക വരുമാനം കണക്കാക്കിയിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി. 2012-13 സാമ്പത്തിക വർഷം വരെ കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ അനുശാസിക്കുന്ന നിശ്ചിത വരുമാനം ലാഭം അക്കൗണ്ട്സിൽ കാണിക്കുന്നുണ്ട്. ഇപ്രകാരം ലാഭം കാണിക്കേണ്ട തുകയിൽ വന്ന കുറവും നഷ്ടവും ചേർത്ത് റവന്യൂ ഗ്യാപ്പ് അഥവാ റെഗുലേറ്ററി അസറ്റായി വരവുവച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം മുതൽ കമ്പനി ആക്ട് പ്രകാരമുള്ള നഷ്ടം/ലാഭം കാണിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	റവന്യൂ ഗ്യാപ്പ്/ റെഗുലേറ്ററി അസറ്റ്	നഷ്ടം (തുക കോടിയിൽ)
2010-11	1229.62	...
2011-12	1934.13	...
2012-13	3998.89	...
2013-14	848.29 (31-10-2013 വരെ)	24.25 (1-11-2013 മുതൽ 3-3-2014)
2014-15	...	1272.90

വൈദ്യുതി ഉല്പാദനം

59 (426) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെയായി എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly